'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ബ്ലോക്ക് പഞ്ചായത്ത് ഹാൾ വാടകയ്ക്ക് നൽകുന്നതിന് മതിലകം ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച നിയമാവലിക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

G.O.(Rt)No.2384/2019/LSGD തീയതി,തിരുവനന്തപുരം, 26/10/2019

---

പരാമർശം:- 1 ഗ്രാമവികസന കമ്മീഷണറുടെ 22.08.2019-ലെ 11798/റ്റി& എ 2/19/സി.ആർ.ഡി നമ്പർ കത്ത്

ഉത്തരവ്

മതിലകം ബ്ലോക്ക് പഞ്ചായത്ത് ഹാൾ വാടകയ്ക്ക് നൽകുന്നതിന്, ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതും ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ളതുമായ നിയമാവലിക്ക്, ഹാൾ വാടകയ്ക്ക് നൽകുമ്പോൾ പൊതുതാൽപ്പര്യം ഉറപ്പ് വരുത്തണമെന്നും വരുമാനം പൊതുഅക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കണമെന്നും വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കണമെന്നുമുള്ള നിർദ്ദേശത്തോടെ അംഗീകാരം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BIJUKUTTAN.M.S
ADDITIONAL SECRETARY

പകർപ്പ്:ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

സെക്രട്ടറി, മതിലകം ബ്ലോക്ക് പഞ്ചായത്ത്, തൃശ്ശൂർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം

വെബ്&ന്യൂ മീഡിയ (ഐ&പിആർഡി)

ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2019.10.26 10:36:06 IST
Reason: Approved
സെക്ഷൻ ഓഫീസർ

## മതിലകം ബ്ലോക്ക് പഞ്ചായത്ത് ഹാൾ ബൈലോ

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 256-ാം വകുപ്പിലെ 1-ാം ഉപവകുപ്പും 1995- ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങളിലെ 3-ാം ചട്ടത്തിലെ 3-ാം ഉപചട്ടപ്രകാരവും തയ്യാറാക്കിയ ബൈലോ.

1. ഈ ബൈലോയ്ക്ക് 2019 ലെ മതിലകം ബ്ലോക്ക് പഞ്ചായത്ത് ഹാൾ ബൈലോ എന്ന പേര് പറയാം.
2. ബ്ലോക്ക് പഞ്ചായത്ത് ഹാൾ എന്നാൽ മതിലകം ഗ്രാമപഞ്ചായത്തിലെ 7-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ബ്ലോക്ക് പഞ്ചായത്ത് ഹാൾ ആകുന്നു.
3. ഈ ബൈലോ സർക്കാർ അംഗീകാരം ലഭിക്കുന്ന തീയ്യതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

**<u>നിർവ്വചനങ്ങൾ</u>**

(എ) ബ്ലോക്ക് പഞ്ചായത്ത് എന്നാൽ മതിലകം ബ്ലോക്ക് പഞ്ചായത്ത് എന്നാകുന്നു.

(ബി) സെക്രട്ടറി എന്നാൽ മതിലകം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി എന്നാകുന്നു.

(സി) ദിവസം എന്നാൽ രാവിലെ 6.00 മണി മുതൽ അടുത്ത ദിവസം 6.00 മണി വരെയുള്ള 24 മണിക്കൂർ സമയം എന്നാകുന്നു.

(ഡി) ഒരു പകൽ എന്നാൽ രാവിലെ 6.00 മണി മുതൽ വൈകുന്നേരം 6.00 മണി വരെയുള്ള സമയമായിരിക്കും

4. ബ്ലോക്ക് പഞ്ചായത്ത് ഹാൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് ഈ ബൈലോയിലെ വ്യവസ്ഥകൾക്ക് പുറമെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെയും അതിനു കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയും വ്യവസ്ഥകളും, കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളും ബാധകമായിരിക്കും.
5. താഴെപറയുന്ന ആവശ്യങ്ങൾക്കു മാത്രമേ ഹാൾ വാടകയ്ക്ക് നൽകാവൂ.

(എ) സാമൂഹ്യ- സാംസ്കാരിക സംഘടനകളുടെ സമ്മേളനങ്ങൾ, കലാപരിപാടികൾ.

(ബി) പ്രധാന/വിശിഷ്ട വ്യക്തികൾക്കു നല്കുന്ന അനുമോദന യോഗങ്ങൾ.

(സി) സർക്കാർ/ഡിപ്പാർട്ട്മെന്റ്/പഞ്ചായത്ത് ആഭിമുഖ്യത്തിലുള്ള പരിപാടികൾ

(ഡി) ബ്ലോക്ക് പഞ്ചായത്തിന് യുക്തമെന്ന് തോന്നുന്ന മറ്റ് പരിപാടികൾ

6. ഹാൾ വാടകയ്ക്ക് ആവശ്യമുള്ള വ്യക്തി/സംഘടന വാടകയ്ക്ക് പുറമെ ബ്ലോക്ക് പഞ്ചായത്ത് നിശ്ചയിക്കുന്ന തുകയ്ക്കുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റും വാടകത്തുകയും മുൻകൂർ അടച്ച് ആവശ്യമായ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് നിശ്ചിത ഫോറത്തിൽ ചുരുങ്ങിയത് 3 ദിവസം മുൻപ് സെക്രട്ടറിയ്ക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

   ഒരേ സമയം ഒന്നിലധികം അപേക്ഷകൾ ലഭിക്കുകയാണെങ്കിൽ അപേക്ഷകൾ ലഭിക്കുന്ന മുൻഗണനാ ക്രമം പാലിക്കുന്നതായിരിക്കും. എന്നാൽ അടിയന്തിര ഘട്ടങ്ങളിൽ സർക്കാർ ഉത്തരവുകൾ ഉണ്ടാകുന്ന പക്ഷം മേൽപറഞ്ഞ മുൻഗണനാക്രമം പാലിക്കാൻ ബ്ലോക്ക് പഞ്ചായത്തിന് ബാധ്യത ഉണ്ടായിരിക്കുന്നതല്ല.

7. സർക്കാർ പരിപാടികളുടെ നടത്തിപ്പിനായി ബ്ലോക്ക് ഹാൾ ആവശ്യമായി വരുന്ന പക്ഷം ബന്ധപ്പെട്ടവരിൽ നിന്നും ഇതിനായി ലഭിക്കുന്ന അപേക്ഷ, മുൻകൂർ വാടക, സെക്യൂരിറ്റി എന്നിവ കൂടാതെ സ്വീകരിക്കേണ്ടതും, വാടക ഈടാക്കാതെ ബ്ലോക്ക് ഹാൾ നൽകേണ്ടതുമാണ്.
   എന്നാൽ ഏതെങ്കിലും തരത്തിലുള്ള നഷ്ടങ്ങൾ ഹാളിനോ വസ്തുവകകൾക്കോ ഉണ്ടാക്കുകയാണെങ്കിൽ ടി നഷ്ടം പരിപാടികൾ സംഘടിപ്പിച്ചിട്ടുള്ള ഉദ്യോഗസ്ഥന്റെ മേൽ ചുമത്തി ഈടാക്കുവാൻ ബ്ലോക്ക് പഞ്ചായത്തിന് അധികാരമുണ്ടായിരിക്കും. 3 മാസം വരെയുള്ള മുൻകൂർ ബുക്കിംഗ് മാത്രമേ സ്വീകരിക്കുകയുള്ളൂ.

8. ഹാൾ ബുക്ക് ചെയ്ത വ്യക്തി/സംഘടന/ഉദ്യോഗസ്ഥൻ പരിപാടി തീയ്യതിക്ക് പതിനഞ്ച് ദിവസം മുൻപ് രേഖാമൂലം ബുക്കിംഗ് ക്യാൻസൽ ചെയ്യുന്ന പക്ഷം വാടകയുടെ 75% തുക തിരിച്ച് നൽകുന്നതാണ്. ഈ നിബന്ധന പാലിക്കാത്തപക്ഷം വാടക തുക ഒന്നും തന്നെ മടക്കി നല്കുന്നതല്ല.

9. ഹാളിലെ ചുമരുകളോ, മതിലുകളോ പരസ്യങ്ങൾ ഒട്ടിച്ചോ, ചുമരെഴുത്ത് നടത്തിയോ വികൃതമാക്കാൻ പാടില്ല.

10. ഹാളിലെ ഫർണിച്ചറുകൾക്കോ, ഫിറ്റിങ്ങുകൾക്കോ ഏതെങ്കിലും തരത്തിലുള്ള കേടുപാടുകൾ ഉണ്ടായാൽ അതിന് വാടകക്കാരൻ ഉത്തരവാദിയായിരിക്കും. തൻമൂലം വരുന്ന നഷ്ടങ്ങൾക്ക് ടിയാന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും ഈടാക്കുവാനും തികയാതെവരുന്ന സംഖ്യ കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം നികുതി കുടിശ്ശിക ഈടാക്കുന്നതുപോലുള്ള നടപടി സ്വീകരിച്ച് ഈടാക്കുന്നതുമാണ്.

11. ബ്ലോക്ക് ഹാൾ ഉപയോഗത്തിലിരിക്കുമ്പോൾ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയ്ക്കോ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ഹാളോ പരിസരമോ പരിശോധിക്കാവുന്നതാണ്.

12. ഭക്ഷണാവിശിഷ്ടങ്ങൾ, പാഴ് വസ്തുക്കൾ എന്നിവ ഹാളിലോ, ഹാൾ പരിസരത്തോ നിക്ഷേപിക്കുവാൻ പാടില്ലാത്തതും, പരിപാടി കഴിഞ്ഞാൽ ഹാൾ വൃത്തിയാക്കി തിരികെ ഏൽപ്പിക്കുവാൻ വാടകക്കാരൻ ബാധ്യസ്ഥനായിരിക്കുന്നതുമാണ്.

13. പ്രകൃതി ക്ഷോഭം , ലഹള, യുദ്ധം, അഗ്നിബാധ തുടങ്ങി ഏതെങ്കിലും അടിയന്തിര സാഹചര്യങ്ങൾ മൂലം ഹാൾ ഉപയോഗിക്കുവാൻ കഴിയാതെ വന്നാൽ മുൻകൂർ വാടകയും ഡെപ്പോസിറ്റും തിരിച്ച് നൽകാൻ പഞ്ചായത്തിന് ബാദ്ധ്യത ഉണ്ടായിരിക്കുന്നതല്ല. എന്നാൽ ബുക്കിംഗ് റദ്ദ് ചെയ്യുവാൻ അപേക്ഷിച്ചാൽ മുൻകൂർ വാടകയുടെ മൂന്നിൽ ഒരുഭാഗം കഴിച്ച് ബാക്കി തുക ബ്ലോക്ക് പഞ്ചായത്തിന്റെ അനുമതിയോടെ നൽകുവാൻ സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കും.

14. ഹാളിന്റെ ഉപയോഗം കഴിഞ്ഞ് തൃപ്തികരമായ വിധത്തിൽ തിരികെ ബ്ലോക്ക് പഞ്ചായത്തിനെ ഏൽപ്പിക്കുന്ന മുറയ്ക്ക് സെക്യൂരിറ്റി ഡെപ്പോസിറ്റ് മടക്കി നല്കുന്നതാണ്.

15. കാലാകാലങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് തീരുമാനിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ/തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിശ്ചയിച്ച് നല്കുന്നതും ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുന്നതുമായ തുക വാടകയായി ഈടാക്കുന്നതാണ്.

***** *** *****